REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- കേരളത്തെ ആഗോള തലത്തിൽ പ്രചരിപ്പിക്കാൻ നടപടിയെടുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കുന്ദംകുളത്ത് NDA സ്ഥാനാർത്ഥികളുടെ പ്രചാരണ സമ്മേളനത്തിൽ നരേന്ദ്രമോദി പങ്കെടുത്തു.
- രാജ്യത്തിന് ഒരു നേതാവ് മാത്രമേ ഉണ്ടാകാവൂവെന്ന നിലപാട് നാടിന് അപമാനമാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.
- ഭരണഘടനയെ മാറ്റി മറിക്കാൻ BJP ശ്രമിക്കുന്നതായി CPIM പോളിറ്റ് ബ്യൂറോ അംഗം ബൃന്ദ കാരാട്ട്.
- കേരളത്തിൽ നിന്ന് പോകുന്ന ഹജ്ജ് തീർത്ഥാടകരുടെ യാത്രാ നിരക്ക് നിശ്ചയിച്ചു.
- IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

## വാർത്തകൾ വിശദമായി

കേരളത്തെ ആഗോള തലത്തിൽ പ്രചരിപ്പിക്കാൻ നടപടിയെടുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പുതിയ വികസനത്തിന്റെ തുടക്ക വർഷമായിരിക്കും ഇതെന്നും

കേരളത്തിൽ നിന്ന് പാർലമെന്റിൽ BJP-മുന്നണിയുടെ ശബ്ദമുയരുമെന്നും കുന്ദംകുളത്തെ തെരഞ്ഞെടുപ്പ് പ്രചാരണ സമ്മേളനത്തിൽ പ്രധാനമന്ത്രി വിശ്വാസം പ്രകടിപ്പിച്ചു.

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേരളത്തിലെ അഴിമതിയുടെ പുതിയ മാതൃകയാണ്. സഹകരണ ബാങ്കുകളിലെ പണം CPIM കൊള്ളയടിക്കുകയാണെന്നും തട്ടിപ്പിൽ പണം നഷ്ടമായ നിക്ഷേപകർക്ക് പണം തിരിച്ചു നൽകാൻ BJP ഗവൺമെന്റ് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും മോദി പറഞ്ഞു. LDF-ഉം UDF - ഉം കേരളത്തെ പിന്നോട്ടു നയിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ചെറുവത്തൂർ ഗ്രൗണ്ടിൽ അഞ്ച് ലോക്സഭാ മണ്ഡലങ്ങളിലെ NDA സ്ഥാനാർത്ഥികൾ പൊതു സമ്മേളനത്തിൽ പങ്കെടുത്തു. തൃശൂരിലെ സ്ഥാനാർത്ഥി സുരേഷ് ഗോപി, ആലത്തൂരിൽ T.N. സരസു, പൊന്നാനിയിലെ നിവേദിത സുബ്രഹ്മണ്യൻ, മലപ്പുറത്തെ M. അബ്ദുൽ സലാം, ചാലക്കുടി മണ്ഡലത്തിലെ സ്ഥാനാർത്ഥി K.A ഉണ്ണികൃഷ്ണൻ എന്നിവരാണ് നരേന്ദ്രമോദിക്കൊപ്പം വേദി പങ്കുവെച്ചത്. ഉച്ചകഴിഞ്ഞ് അദ്ദേഹം ആറ്റിങ്ങൽ മണ്ഡലം NDA സ്ഥാനാർത്ഥിയും കേന്ദ്ര സഹമന്ത്രിയുമായ V. മുരളീധരന്റെ പ്രചാരണാർത്ഥം കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. വൈകിട്ട്

തമിഴ്നാട്ടിലെ തിരുനെൽവേലിയിലെ പൊതുയോഗത്തിലും പ്രധാനമന്ത്രി സംബന്ധിക്കും.

✪✪✪

രാജ്യത്തിന് ഒരു നേതാവ് മാത്രമേ ഉണ്ടാകാവൂവെന്ന നിലപാട് നാടിന് അപമാനമാണെന്ന് കോൺഗ്രസ് നേതാവും വയനാട് ലോക്സഭ മണ്ഡലത്തിലെ UDF സ്ഥാനാർഥിയുമായ രാഹുൽ ഗാന്ധി പറഞ്ഞു. ഇന്ത്യ രാജ്യത്തെ എല്ലാ ജനങ്ങളും ചേർന്ന് ഭരിക്കണമെന്നാണ് കോൺഗ്രസിന്റെ നിലപാടെന്നും ബത്തേരിയിലെ റോഡ് ഷോയിൽ രാഹുൽ ഗാന്ധി പറഞ്ഞു.കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വയനാടിനോട് ചിറ്റമ്മ നയമാണ് സ്വീകരിക്കുന്നതെന്ന് രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി. നിലമ്പൂർ റെയിൽവെ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമെന്നും ജില്ലയിലെ വന്യമൃഗ ശല്യത്തിന് പരിഹാരം കാണുമെന്നും അദ്ദേഹം ഉറപ്പു നൽകി. കേന്ദ്രത്തിലും കേരളത്തിലും ഒരേ ഗവൺമെന്റ് അധികാരത്തിലെത്തുന്നതോടെ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും രാഹുൽ ഗാന്ധി അഭിപ്രായപ്പെട്ടു.

രാവിലെ തമിഴ്നാട്ടിലെ നീലഗിരിയിൽ ഏത്തിയ രാഹുൽ ഗാന്ധി താളുർ കോളേജിലെ വിദ്യാർത്ഥികളുമായി സംവദിച്ചു. തുടർന്ന് ബത്തേരിയിലെ റോഡ്ഷോയിലും രാഹുൽ ഗാന്ധി പങ്കെടുത്തു. പുൽപ്പള്ളിയിലെ കർഷക റാലിയിലും അദ്ദേഹം പങ്കെടുക്കും. മാനന്തവാടി രൂപതാ ബിഷപ്പുമായി രാഹുൽഗാന്ധി കൂടിക്കാഴ്ച നടത്തും. വെള്ളമുണ്ട,

പടിഞ്ഞാറത്തറ എന്നിവിടങ്ങളിലെ. റോഡ് ഷോക്ക് ശേഷം വൈകിട്ട് കോഴിക്കോട് കടപ്പുറത്തെ UDF റാലിയിലും പൊതുസമ്മേളനത്തിലും രാഹുൽഗാന്ധി പങ്കെടുക്കും.

✪✪✪

ഭരണഘടനയെ മാറ്റി മറിക്കാനാണ് BJP ശ്രമിക്കുന്നതെന്ന് CPIM പോളിറ്റ് ബ്യൂറോ അംഗം ബൃന്ദ കാരാട്ട് കുറ്റപ്പെടുത്തി. കണ്ണൂർ പുതിയ തെരുവിൽ LDF റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു ബൃന്ദ കാരാട്ട്.

രാജ്യത്ത് കോൺഗ്രസ് ആശയക്കുഴപ്പത്തിലാണെന്നും മഹാരാഷ്ട്രയിലും മധ്യപ്രദേശിലും രാജസ്ഥാനിലും മുതിർന്ന നേതാക്കൾ BJP-യിലേക്ക് പോകുകയാണെന്നും ആരൊക്കെ BJP-യിലേക്ക് പോകും എന്ന കാര്യത്തിൽ കോൺഗ്രസിന് ഒരുറപ്പും നൽകാനാവാത്ത സ്ഥിതിയാണെന്നും ബൃന്ദ കാരാട്ട് പറഞ്ഞു. ജനാധിപത്യത്തെ തകർക്കുന്ന നടപടിയാണ് ബി.ജെ.പി കാഴ്ചവെക്കുന്നത്, ED-യെയും മറ്റ് ഏജൻസികളെയും ഉപയോഗിച്ചു കൊണ്ടാണ് അവർ പ്രവർത്തിക്കുന്നതെന്നും ബൃന്ദ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം അവസാനിയ്ക്കാൻ 10 ദിവസം മാത്രം ശേഷിക്കെ കൂടുതൽ ദേശീയ നേതാക്കൾ പ്രചാരണത്തിന് എത്തിത്തുടങ്ങി. പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്ഥാനാർത്ഥി കൂടിയായ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും CPI ദേശീയ സെക്രട്ടറി D രാജയും പ്രചാരണ യോഗങ്ങളിൽ ഇന്ന്

പങ്കെടുക്കുന്നുണ്ട്. ഇതോടെ പ്രചാരണം കൂടുതൽ സജീവമാകും. പരമാവധി വോട്ടർമാരെ നേരിൽകണ്ട് വോട്ടുറപ്പിക്കുന്ന തിരക്കിലാണ് സ്ഥാനാർത്ഥികളും പ്രവർത്തകരും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഇരിങ്ങാലക്കുട, തൃശ്ശൂർ, ഗുരുവായൂർ എന്നിവിടങ്ങളിൽ LDF പ്രചരണ യോഗങ്ങളിൽ പങ്കെടുക്കും. നാളെ ആലത്തൂർ ലോക്സഭാ മണ്ഡലത്തിലെ വടക്കഞ്ചേരി, നെന്മാറ എന്നിവിടങ്ങളിലും മുഖ്യമന്ത്രി പ്രചാരണത്തിനെത്തും.

✪✪✪

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ LDF സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി CPI ദേശീയ ജനറൽ സെക്രട്ടറി ഡി രാജ ഇന്ന് എത്തും.

പേരൂർക്കടയിൽ വൈകിട്ട് പൊതു സമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യും.

✪✪✪

മാവേലിക്കരിൽ മൂന്നു മുന്നണികളും വിജയപ്രതീക്ഷയിലാണ് 'ഇഞ്ചോടിഞ്ച് പോരാട്ടമാണ് മണ്ഡലത്തിൽ നടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ.......

.........വോയ്സ്............

✪✪✪

NDA കോഴിക്കോട് ലോക്സഭാ മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന ഗവൺമെന്റിനെതിരെ കുറ്റപത്രം പുറത്തിറക്കി. മാരാർജി ഭവനിൽ നടന്ന ചടങ്ങ് ബിജെപി സംസ്ഥാന ഉപാദ്ധ്യക്ഷൻ A.N. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

✪✪✪

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സമ്മതിദായകരുടെ വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തുന്ന 'വീട്ടിൽ നിന്നും വോട്ട്' സേവനത്തിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് തുടക്കമായി. മുൻകൂട്ടി അപേക്ഷ നൽകിയ ഭിന്നശേഷിക്കാർക്കും 85 വയസ്സിന് മേൽ പ്രായക്കാർക്കുമാണ് വീട്ടിൽനിന്ന് വോട്ടിന് അവസരം നൽകുന്നത്.

കാഴ്ച പരിമിതർ, ചലനശേഷിയില്ലാത്തവർ എന്നിവർക്ക് വോട്ട് ചെയ്യുന്നതിന് സഹായിയെ അനുവദിക്കും. വോട്ടിങ്ങിനായി ഉദ്യോഗസ്ഥർ വീട്ടിലെത്തുന്ന തിയതിയും സമയവും മുൻകൂട്ടി SMS വഴിയും ഇതിന് സൗകര്യമില്ലാത്ത സാഹചര്യത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർ മുഖേനയും വോട്ടർമാരെ അറിയിക്കും. ഈ സമയം വോട്ടർ വീട്ടിലില്ലാത്ത സാഹചര്യമുണ്ടായാൽ മറ്റൊരു ദിവസം കൂടി അവസരം നൽകും.

മലപ്പുറം, കണ്ണൂർ ജില്ലകളിൽ സംവിധാനം ഇന്നാരംഭിച്ചു. വയനാട് ജില്ലയിൽ നാളെയാണ് വീട്ടിൽനിന്ന് വോട്ട്

സേവനത്തിന് തുടക്കമാകുന്നത്. കോഴിക്കോട് ജില്ലയിൽ മറ്റന്നാളാണ് ഹോം വോട്ടിങ് സേവനത്തിന് തുടക്കമാവുക. ജില്ലയിൽ അപേക്ഷ സമർപ്പിച്ച 15,000-ത്തോളം വോട്ടർമാർക്കായി ഈ മാസം 20 വരെയാണ് ഹോം വോട്ടിങ് ക്രമീകരിച്ചിരിക്കുന്നത്.

✪✪✪

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന ലക്ഷദ്വീപ് ഉൾപ്പെടെ 102 ലോക്സഭാ മണ്ഡലങ്ങളിൽ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിയ്ക്കും. പ്രമുഖ രാഷ്ട്രീയ പാർട്ടികളെല്ലാം പ്രചാരണം കൂടുതൽ ഊർജ്ജിതമാക്കി. വെള്ളിയാഴ്ചയാണ് വോട്ടെടുപ്പ്. ലക്ഷദ്വീപിന് പുറമെ തമിഴ്നാടും, പുതുച്ചേരിയും, ഉൾപ്പെടെ 17 സംസ്ഥാനങ്ങളും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളുമാണ് ഒന്നാം ഘട്ടത്തിൽ വിധിയെഴുതുന്നത്.

✪✪✪

കോഴിക്കോട് ജില്ലയിൽ പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് ഇന്നും നാളെയും മറ്റന്നാളുമായി നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം ഘട്ട പരിശീലനം 18, 19, 20 തീയതികളിലേക്ക് മാറ്റിയതായി തെരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കലക്ടർ അറിയിച്ചു. ഏപ്രിൽ 18 നു പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ നേരത്തെ നിർദ്ദേശം ലഭിച്ചിരുന്നവർ അതേ തീയതിയിൽ തന്നെ പങ്കെടുക്കണം.

✪✪✪

**76-ാം ബാച്ച് ഇന്ത്യൻ റവന്യൂ സർവ്വീസ് ട്രെയിനികളുടെ പരിശീലന സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് പങ്കെടുക്കും. നാഗ്പൂരിലെ പ്രത്യക്ഷ നികുതി ദേശീയ അക്കാദമിയിലാണ് ചടങ്ങ്. IRS ബാച്ചിൽ ഇന്ത്യയിലെ 56 ഓഫീസർമാരും ഭൂട്ടാനിലെ രണ്ട് ഓഫീസർമാരും പങ്കെടുക്കുന്നുണ്ട്.**

**അമർ നാഥ് തീർത്ഥാടനം ജൂൺ 29 ന് ആരംഭിച്ച് ഓഗസ്റ്റ് 19-ന് സമാപിക്കും. 52 ദിവസത്തെ തീർത്ഥാടനത്തിന് ഇന്ന് രജിസ്ട്രേഷൻ ആരംഭിക്കും.**

**കേന്ദ്ര ഹജ്ജ് കമ്മറ്റി കേരളത്തിൽ നിന്ന് പോകുന്ന ഹജ്ജ് തീർത്ഥാടകരുടെ യാത്രാ നിരക്ക് നിശ്ചയിച്ചു. കരിപ്പൂർ വഴി പോകുന്ന ഹജ്ജ് തീർത്ഥാടകർ 3 ലക്ഷത്തി ,73,000 രൂപയാണ് നൽകേണ്ടത്. കരിപ്പൂർ വഴി പോകുന്നവർ മറ്റുള്ളവരെക്കാൾ 35,000 രൂപ അധികം നൽകണം. വിമാനനിരക്കിലെ വ്യത്യാസമാണ് വർദ്ധനക്ക് കാരണം.കൊച്ചി വഴി പോകുന്നവർ 3 ലക്ഷത്തി ,37,100 രൂപയും കണ്ണൂർ വഴി പോകുന്നവർ 3 ലക്ഷത്തി ,38,000 രൂപയും നൽകണം.**

**നാട്ടാനകളെ സംബന്ധിച്ച ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ സർക്കുലർ തിരുത്തി. എഴുന്നെള്ളിപ്പാനകളുടെ 50 മീറ്റർ പരിധിയിൽ വാദ്യമേളങ്ങൾ പാടില്ലെന്ന നിർദേശം** ***ആനകൾക്ക് അസ്വസ്ഥത ഉണ്ടാക്കുന്ന വിധം*** **എന്നാക്കി**

മാറ്റിയിട്ടുണ്ട്. തൃശൂർ പൂരമടക്കം ഉൽസവങ്ങളിൽ ആനയെഴുന്നള്ളിപ്പ് തടസ്സപ്പെടുത്തുന്നതാണ് ഉത്തരവെന്ന് വ്യാപകമായി പരാതി ഉയർന്നതിനെ തുടർന്നാണ് തിരുത്തൽ ഉണ്ടായത്.

✪✪✪

കൊല്ലംപൂരവും കുടമാറ്റവും വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കും. താമരക്കുളം മഹാഗണപതിയും, പുതിയകാവ് ഭഗവതിയും മുഖാമുഖം നിൽക്കുന്ന കുടമാറ്റത്തിന് പതിനായിരങ്ങൾ സാക്ഷിയാകും. പൂരം കണക്കിലെടുത്ത് കളക്ടർ, കൊല്ലം കോർപ്പറേഷൻ പരിധിയിൽ ഉച്ചയ്ക്കുശേഷം പ്രാദേശിക അവധി നൽകിയിട്ടുണ്ട്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ATK മോഹൻ ബഗാൻ മുംബൈ സിറ്റിയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

ഇന്നലെ FC ഗോവ ചെന്നെയിൻ FCയെ പരാജയപ്പെടുത്തി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബാംഗ്ലൂർ ചിന്നസാമി സ്റ്റേഡിയത്തിലാണ് മത്സരം.

ഇന്നലത്തെ മത്സരങ്ങളിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും ചെന്നൈ സൂപ്പർ കിംഗ്സും വിജയിച്ചു.

⭘⭘⭘

സംസ്ഥാനത്തെ പകൽച്ചൂട് അടുത്ത ദിവസങ്ങളിലും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പലയിടങ്ങളിലും വേനൽ മഴ ലഭിക്കുന്നുണ്ടെങ്കിലും ചൂടിന് കാര്യമായ കുറവ് ഉണ്ടായില്ല.

തൃശൂർ, പാലക്കാട് ജില്ലകളിൽ അടുത്ത രണ്ട് ദിവസം 39 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി വരെയും പത്തനംതിട്ട, കാസർകോഡ് ജില്ലകളിൽ 37 ഡിഗ്രി വരെയും താപനില ഉയർന്നേക്കും.

⭘⭘⭘

കോഴിക്കോട് താമരശ്ശേരി ചുരം അഞ്ചാം വളവിന് സമീപം KSRTC ബസുകൾ കൂട്ടിയിടിച്ചു. പരിക്കേറ്റ രണ്ട് യാത്രക്കാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തെ തുടർന്ന് ചുരത്തിൽ ഏറെ നേരം വാഹന ഗതാഗതം തടസ്സപ്പെട്ടു.

⭘⭘⭘

സ്വർണ്ണ വില ഇന്നും വർദ്ധിച്ചു. ഗ്രാമിന് 55 രൂപ കൂടി 6,705 രൂപയും പവന് 440 രൂപ കൂടി 53,640 രൂപയുമായി.

⭘⭘⭘

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ തിരക്കിട്ട പ്രചാരണ പരിപാടികളിലാണ് സ്ഥാനാർഥികൾ. NDA സ്ഥാനാർഥി അനിൽ K.ആന്റണി റാന്നി നിയോജക മണ്ഡലത്തിലും UDF സ്ഥാനാർഥി ആന്റോ ആന്റണി എഴുമറ്റൂർ ബ്ലോക്കിലും LDF സ്ഥാനാർത്ഥി ഡോ.T.M തോമസ് ഐസക്ക് കാഞ്ഞിരപ്പള്ളി മണ്ഡലത്തിലും പര്യടനം തുടരുകയാണ്.